# 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ്
വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അറുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2009-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പിൽ,—

(1) (3)-ാം ഉപവകുപ്പിൽ,—

(എ) (എ) ഖണ്ഡത്തിൽ,—

(i) (i)-ാം ഉപഖണ്ഡത്തിലെ "ഇരുപത്തിരണ്ടും" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ii) (ii)-ാം ഉപഖണ്ഡത്തിലെ "അൻപത്" എന്ന വാക്കിന് പകരം "അൻപത്തിരണ്ട്" എന്ന വാക്കുകളും "ഇരുപത്തിരണ്ടും" എന്ന വാക്കുകൾക്ക് പകരം "ഇരുപത്തിയഞ്ചും" എന്ന വാക്കുകളും ചേർക്കേണ്ടതാണ്;

(ബി) (ബി) ഖണ്ഡത്തിൽ (i)-ഉം (ii)-ഉം ഉപഖണ്ഡങ്ങളിലെ "അൻപത്തിരണ്ട്" എന്ന വാക്കുകൾക്ക് പകരം "അൻപത്തിയഞ്ചും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (6)-ാം ഉപവകുപ്പിൽ "മൂന്നിലൊന്നിൽ കുറയാതെ" എന്ന വാക്കുകൾക്ക് പകരം "അൻപത് ശതമാനം (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തിക്കൊണ്ട്)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (7)-ാം ഉപവകുപ്പിൽ "മൂന്നിലൊന്നിൽ കുറയാതെ" എന്ന വാക്കുകൾക്ക് പകരം "അൻപത് ശതമാനം (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തിക്കൊണ്ട്)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

KNPP. 842/2009.

3. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പിൽ,—

(1) (4)-ാം ഉപവകുപ്പിൽ "മൂന്നിലൊന്നിൽ കുറയാതെ" എന്ന വാക്കുകൾക്ക് പകരം "അൻപത് ശതമാനം (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തിക്കൊണ്ട്)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) (5)-ാം ഉപവകുപ്പിൽ "മൂന്നിലൊന്നിൽ കുറയാതെ" എന്ന വാക്കുകൾക്ക് പകരം "അൻപത് ശതമാനം (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയായി നിജപ്പെടുത്തിക്കൊണ്ട്)" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (6)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"(6എ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ചെയർപേഴ്സന്റെ ഔദ്യോഗിക സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ ഒരു കൗൺസിലർ, അതത് സംഗതിപോലെ, പട്ടികജാതിക്കാർക്കോ പട്ടിക വർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിയല്ല എങ്കിൽ, താൻ പട്ടികജാതിയിലെയോ പട്ടികവർഗ്ഗത്തിലെയോ അംഗമാണെന്ന് രേഖപ്പെടുത്തിക്കൊണ്ട് അധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് വരണാധികാരി മുൻപാകെ ഹാജരാക്കാത്തപക്ഷം, ചെയർപേഴ്സൺ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(6ബി) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോ വേണ്ടി സംവരണം ചെയ്തിട്ടുള്ള ചെയർപേഴ്സൺ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരു കൗൺസിലർ, അതത് സംഗതിപോലെ, പട്ടികജാതിക്കാരനോ പട്ടികവർഗ്ഗക്കാരനോ അല്ല എന്ന് 1996-ലെ കേരള (പട്ടികജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമ പ്രകാരമോ തെളിയിക്കപ്പെടുകയും, അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും ചെയ്താൽ, അപ്രകാരം പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ ചെയർപേഴ്സൺ സ്ഥാനത്ത് തുടരാൻ അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ലാത്തതും, കൗൺസിലർ സ്ഥാനം നഷ്ടപ്പെടുന്നതും ചെർപേഴ്സൺ, കൗൺസിലർ സ്ഥാനങ്ങളിൽ ഒഴിവുണ്ടായതായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിക്കേണ്ടതുമാണ്.".

4. 11-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 11-ാം വകുപ്പിൽ, (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1 എ) ചെയർപേഴ്സന്റെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്തിട്ടില്ലാത്ത ഒരു മുനിസിപ്പാലിറ്റിയിൽ, ഡെപ്യൂട്ടി ചെയർപേഴ്സന്റെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യേണ്ടതും അപ്രകാരം സംവരണം ചെയ്യപ്പെടുന്ന ഡെപ്യൂട്ടി ചെയർപേഴ്സൺമാരുടെ സ്ഥാനങ്ങൾ ഓരോ പൊതു തെരഞ്ഞെടുപ്പിനും വേണ്ടി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിക്കുന്ന തീയതിക്ക് മുൻപ് ഗസറ്റ് വിജ്ഞാപനം വഴി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.".

5. 20-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 20-ാം വകുപ്പിൽ,—

(1) എ ഖണ്ഡത്തിൽ "(3) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കുകൾക്കും ശേഷം "(4) ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

(2) (ബി) ഖണ്ഡത്തിൽ "(4) ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കുകൾക്കും പകരം "(4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും, "(5) മരാമത്ത്കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കുകൾക്കും ശേഷം, "(6) വിദ്യാഭ്യാസ കലാ കായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

(3) (സി) ഖണ്ഡത്തിൽ "(4) ആരോഗ്യ വിദ്യാഭ്യാസകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കുകൾക്കും പകരം, "(4) ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും, "(7) നികുതി അപ്പീൽകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങൾക്കും അക്കത്തിനും വാക്കുകൾക്കും ശേഷം "(8) വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി" എന്ന ചിഹ്നങ്ങളും അക്കവും വാക്കുകളും ചേർക്കേണ്ടതാണ്.

6. 21-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 21-ാം വകുപ്പിൽ,—

(1) (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അതിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള അംഗസഖ്യ നിർണ്ണയിക്കപ്പെട്ട പ്രകാരം ആയിരിക്കേണ്ടതും ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലും (3)-ാം ഉപവകുപ്പ് പ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളിൽ ഒരാളുടെ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെടേണ്ടതും, ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർ പേഴ്സണും ഒഴികെ മറ്റെല്ലാ കൗൺസിലർമാരും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗമായി തെരഞ്ഞെടുക്കപ്പെടേണ്ടതുമാണ്".

(2) (2)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിന് ശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(3എ) ഓരോ സ്റ്റാന്റിംഗ് കമ്മിറ്റിയിലേക്കും തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശത്തിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരഞ്ഞെടുക്കേണ്ടതും അതിലേക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിലേയോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെയോ ഒരു ഉദ്യോഗസ്ഥനെ വരണാധികാരിയായി സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യേണ്ടതുമാണ്.".

(4) (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ട താണ്, അതായത്:—

"(4എ) ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു ടൗൺ പഞ്ചായത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ചെയർമാൻ സ്ഥാനവും, ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു ടൗൺ പഞ്ചായത്തിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.

(4ബി) ഡെപ്യൂട്ടി ചെയർപേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടുള്ള ഒരു മുൻസിപ്പൽ കൗൺസിലിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള രണ്ട് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി ചെയർ പേഴ്സൺ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മുനിസിപ്പൽ കൗൺസിലിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.

(4സി) ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടി ട്ടുള്ള ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള മൂന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാനങ്ങളും, ഡെപ്യൂട്ടി മേയർ സ്ഥാനം സ്ത്രീകൾക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത ഒരു മുനിസിപ്പൽ കോർപ്പറേഷനിൽ, ധന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ള നാല് സ്റ്റാന്റിംഗ് കമ്മിറ്റികളിലെ ചെയർമാൻ സ്ഥാന ങ്ങളും സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കേണ്ടതാണ്.

(4ഡി) സംവരണം ചെയ്യപ്പെടുന്ന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനങ്ങൾ ഓരോ പൊതു തെരഞ്ഞെടുപ്പിനുശേഷവും, ആവർത്തനക്രമത്തിൽ, 20-ാം വകുപ്പിൽ പ്രതിപാദിച്ചിട്ടുള്ള സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ക്രമമനുസരിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിലേക്ക് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ വീതിച്ചു നൽകേണ്ടതാണ്.

(4ഇ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെ മറ്റേതൊരു സ്റ്റാന്റിംഗ് കമ്മിറ്റിയു ടെയും ചെയർമാനെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശത്തിലും മേൽനോ ട്ടത്തിലും നിയന്ത്രണത്തിലും നിർണ്ണയിക്കപ്പെട്ട പ്രകാരം തെരഞ്ഞെടുക്കേണ്ടതും അതിലേ ക്കായി സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിലേയോ തദ്ദേശസ്വയം ഭരണസ്ഥാപനത്തിലേയോ ഒരു ഉദ്യോഗസ്ഥനെ വരണാധികാരിയായി സ്ഥാനനിർദ്ദേശമോ നാമനിർദ്ദേശമോ ചെയ്യേണ്ടതുമാണ്.".

7. <u>22-ാം വകുപ്പിനുള്ള ഭേദഗതി.</u>— പ്രധാന ആക്റ്റിലെ 22-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(1) (സി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡങ്ങൾ ചേർക്കേണ്ടതാണ്, അതായത്:—

"(സി) ടൗൺ പഞ്ചായത്തിന്റെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്ത്രീകളുടെയും കുട്ടികളുടേയും വികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം, സാമൂഹ്യസുരക്ഷ പെൻഷനും ധനസഹായവും, ചേരിപരിഷ്കരണം, ദാരിദ്ര്യ നിർമ്മാർജ്ജനം, പൊതുവിതരണ സമ്പ്രദായം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് ;

(സി എ) ടൗൺ പഞ്ചായത്തിന്റെ ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യവും ആരോഗ്യസേവനവും ശുചീകരണം വിദ്യാഭ്യാസം കലയും സംസ്കാരവും കായികവിനോദം എന്നീ വിഷയങ്ങളും കൈകാര്യം ചെയ്യേണ്ടതാണ്.".

(2) (ജി) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജി) മുനിസിപ്പൽ കൗൺസിലിന്റെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പൊതുജനാരോഗ്യവും, ആരോഗ്യസേവനവും, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് .".

(3) (എച്ച്) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച് എ) മുനിസിപ്പൽ കൗൺസിലിന്റെ വിദ്യാഭ്യാസ കലാകായിക കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിദ്യാഭ്യാസം, കല, സംസ്കാരം, കായിക വിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് .".

(4) (എൽ) ഖണ്ഡത്തിനുപകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എൽ) മുനിസിപ്പൽ കോർപ്പറേഷന്റെ ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പൊതുജനാരോഗ്യവും ആരോഗ്യസേവനവും, ശുചീകരണം, അപകടകരവും അസഹ്യതയുണ്ടാക്കുന്നതുമായ വ്യാപാരങ്ങളുടെ നിയന്ത്രണം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് .".

(5) (ഒ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(പി) മുനിസിപ്പൽ കോർപ്പറേഷന്റെ വിദ്യാഭ്യാസ കായികകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിദ്യാഭ്യാസം, കായിക വിനോദം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടതാണ് .".

8. 28-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 28-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ, "ചെയർപേഴ്സണേയും കൗൺസിലിനേയും" എന്ന വാക്കുകൾക്കുശേഷം "സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

9. 53-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 53-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ (എ) ഖണ്ഡപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ അൻപതു ശതമാനം സ്ത്രീകളും, രണ്ടംഗങ്ങൾ പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോ പെട്ടവരും അതിൽ ഒരാൾ സ്ത്രീയും ആയിരിക്കേണ്ടതാണ്.".

10. 54-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 54-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൽ, അവസാനഭാഗത്ത് "തിരഞ്ഞെടുക്കേണ്ടതും" എന്ന വാക്കുകൾക്കുശേഷം, "അവരിൽ ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളും അഞ്ചുപേർ സ്ത്രീകളും ആയിരിക്കേണ്ടതും;" എന്ന വാക്കുകൾ കൂട്ടിച്ചേർക്കേണ്ടതാണ്.

11. 55-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 55-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത് :—

"എന്നാൽ, (ഇ) ഖണ്ഡപ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരിൽ ഓരോ വിഭാഗത്തിൽ നിന്നും ഒരാൾവീതം സ്ത്രീയും ഒരാൾ പട്ടികജാതിയിലോ പട്ടികവർഗ്ഗത്തിലോ പെട്ട ആളും ആയിരിക്കേണ്ടതാണ്".

12. 84-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.— പ്രധാന ആക്റ്റിലെ 84-ാം വകുപ്പിന് ശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"84എ. വോട്ടർ പട്ടിക തയ്യാറാക്കുക മുതലായവ സംബന്ധിച്ച ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനം.—(1) വോട്ടർ പട്ടിക തയ്യാറാക്കലോ പുതുക്കലോ തിരുത്തലോ അല്ലെങ്കിൽ ഏതെങ്കിലും ഉൾക്കുറിപ്പ് ആ പട്ടികയിൽ ഉൾപ്പെടുത്തുകയോ അതിൽ നിന്ന് വിട്ടുകളയുകയോ ചെയ്യുന്നതു സംബന്ധിച്ച ഏതെങ്കിലും ഔദ്യോഗിക കർത്തവ്യം നിർവ്വഹിക്കാൻ, ഈ ആക്റ്റിനാലോ അതിൻകീഴിലോ ചുമതലയുള്ള ഏതെങ്കിലും തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ അസിസ്റ്റന്റ് തെരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ മറ്റേതെങ്കിലും ആളോ, ന്യായമായ കാരണം കൂടാതെ, അങ്ങനെയുള്ള ഔദ്യോഗിക കർത്തവ്യത്തിന്റെ ലംഘനമായ ഏതെങ്കിലും കൃത്യത്തിനോ കൃത്യവിലോപത്തിനോ കുറ്റക്കാരനാകുകയാണെങ്കിൽ, അയാൾ ആയിരം രൂപയിൽ കുറയാതെയുള്ള പിഴ നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

(2) അങ്ങനെയുള്ള ഉദ്യോഗസ്ഥനോ മറ്റാൾക്കോ എതിരായി മുൻ പറഞ്ഞതു പോലെയുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ സംബന്ധിച്ച് നഷ്ടപരിഹാരത്തിന് യാതൊരു വ്യവഹാരമോ മറ്റേതെങ്കിലും നിയമനടപടിയോ നിലനിൽക്കുന്നതല്ല.

(3) (1)-ാം ഉപവകുപ്പിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുറ്റം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷന്റെ ഉത്തരവു വഴിയോ അത് അധികാരപ്പെടുത്തിയ പ്രകാരമോ കൊടുക്കുന്ന ഒരു പരാതിയിന്മേലല്ലാതെ, ഏതൊരു കോടതിയും നടപടിയെടുക്കുവാൻ പാടുള്ളതല്ല.".

13. 90-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 90-ാം വകുപ്പ്, (1)-ാം ഉപവകുപ്പ് :—

(1) (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോവേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് മത്സരിക്കുന്നതിനുവേണ്ടി 108-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം വരണാധികാരി മുൻപാകെ ഹാജരാക്കിയിരുന്ന ജാതി സർട്ടിഫിക്കറ്റോ, നാമനിർദ്ദേശ പത്രികയോടൊപ്പം സമർപ്പിച്ചിരുന്ന സത്യപ്രസ്താവനയോ കളവോ വ്യാജമോ ആയിരുന്നു എന്നോ, താൻ, അതത് സംഗതിപോലെ, പട്ടികജാതിക്കാരനോ, പട്ടികവർഗ്ഗക്കാരനോ അല്ല എന്നോ പിന്നീട് എപ്പോഴെങ്കിലും, 1996-ലെ കേരള (പട്ടിക ജാതി-പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തെളിയിക്കപ്പെടുകയും, അപ്രകാരം പ്രഖ്യാപിക്കപ്പെടുകയും അപ്രകാരം പ്രഖ്യാപിക്കപ്പെട്ട തീയതി മുതൽ ആറ് വർഷം കഴിഞ്ഞിട്ടില്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിലും ; അഥവാ".

(2) (ജി) ഖണ്ഡത്തിൽ,—

(i) "ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായോ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.
(ii) വിശദീകരണത്തിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെയോ എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ" എന്ന വാക്കുകളും "സർക്കാരോ മുനിസിപ്പാലിറ്റിയോ അഥവാ സർക്കാരിനുവേണ്ടിയോ മുനിസിപ്പാലിറ്റിക്കു വേണ്ടിയോ" എന്ന വാക്കുകൾക്കു പകരം "സർക്കാരോ തദ്ദേശസ്വയംഭരണ സ്ഥാപനമോ അഥവാ സർക്കാരിനു വേണ്ടിയോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു വേണ്ടിയോ" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(3) (ജെ) ഖണ്ഡത്തിൽ "മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയിലേക്ക്" എന്ന വാക്കുകൾക്കു പകരം "മുൻ വർഷം ഉൾപ്പെടെയും സർക്കാരിലേക്കോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

14. <u>91-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിലെ 91-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(1) (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത് :—

"(എഎ) പട്ടികജാതിക്കാർക്കോ പട്ടികവർഗ്ഗക്കാർക്കോവേണ്ടി സംവരണം ചെയ്തിട്ടുള്ള ഒരു സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഒരംഗത്തിന്റെ സംഗതിയിൽ, താൻ അതത് സംഗതിപോലെ, പട്ടികജാതിക്കാരനോ, പട്ടികവർഗ്ഗക്കാരനോ അല്ല എന്ന് 1996-ലെ കേരള (പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്റ്റ് (1996-ലെ 11) പ്രകാരമോ നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ തെളിയിക്കപ്പെട്ടിരിക്കുകയും അപ്രകാരം പ്രഖ്യാപിക്കപ്പെട്ടിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അഥവാ".

(2) (എഫ്) ഖണ്ഡത്തിൽ,—

(i) "ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുമായോ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ" എന്ന വാക്കുകളും "ആ മുനിസിപ്പാലിറ്റിക്കു വേണ്ടിയോ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിനു വേണ്ടിയോ" എന്ന വാക്കുകളും "മുനിസിപ്പാലിറ്റിയുടെ" എന്ന വാക്കിന്

പകരം "തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ" എന്ന വാക്കുകളും "ആ മുനിസിപ്പാലിറ്റിയുമായി" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനവുമായി" എന്ന വാക്കുകളും ചേർക്കേണ്ടതാണ്.

(ii) വിശദീകരണത്തിൽ "ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെയോ" എന്ന വാക്കുകൾക്ക് പകരം "ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ" എന്ന വാക്കുകളും "മുനിസിപ്പാലിറ്റിയോ മുനിസിപ്പാലിറ്റിക്കുവേണ്ടിയോ" എന്ന വാക്കുകൾക്ക് പകരം "തദ്ദേശസ്വയംഭരണ സ്ഥാപനമോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനുവേണ്ടിയോ" എന്ന വാക്കുകളും ചേർക്കുക.

(3) (ജെ) ഖണ്ഡത്തിൽ "മുൻവർഷം ഉൾപ്പെടെയും ആ മുനിസിപ്പാലിറ്റിയിലേക്ക്" എന്ന വാക്കുകൾക്കു പകരം "മുൻവർഷം ഉൾപ്പെടെയും സർക്കാരിലേക്കോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കോ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

15. 105-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 105-ാം വകുപ്പ് (ഡി) ഖണ്ഡത്തിൽ "ഇരുപതാമത്തെ ദിവസത്തിലും" എന്ന വാക്കുകൾക്കു പകരം "പതിനാലാമത്തെ ദിവസത്തിലും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

16. 108-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 108-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ "പ്രത്യേകം പറയുന്ന ഒരു പ്രഖ്യാപനം തന്റെ നാമനിർദ്ദേശപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാത്തപക്ഷം" എന്ന വാക്കുകൾക്ക് പകരം "രേഖപ്പെടുത്തിക്കൊണ്ട് അധികാരിതയുള്ള ഉദ്യോഗസ്ഥൻ നൽകിയ ജാതി സർട്ടിഫിക്കറ്റ് നാമനിർദ്ദേശ പത്രികയോടൊപ്പം ഹാജരാക്കാതിരിക്കുകയും ജാതി സംബന്ധിച്ച ഒരു സത്യപ്രസ്താവന തന്റെ നാമനിർദ്ദേശപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്ന പക്ഷം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

17. 162-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 162-ാം വകുപ്പിൽ,—

(i) (1)-ാം ഉപവകുപ്പിലെ (ജി) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എച്ച്) 202 എ വകുപ്പുപ്രകാരം, അർഹതയുള്ള ആളിന് അവധി അനുവദിക്കാതിരിക്കുകയോ"

(ii) (2)-ാം ഉപവകുപ്പിലെ (എ) ഖണ്ഡത്തിനുശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(എഎ) അയാൾ 202 എ വകുപ്പ് പ്രകാരം കുറ്റം ചെയ്ത ആളാണെങ്കിൽ, അഞ്ഞൂറ് രൂപ വരെയാകാവുന്ന പിഴ ശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതും;"

18. 169-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 169-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ വിശദീകരണത്തിൽ "176" എന്ന അക്കങ്ങൾക്കു പകരം "175" എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

19. 202എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 202-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"202എ. പൊതുതെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം തൊഴിലാളികൾക്ക് വേതനത്തോടുകൂടിയുള്ള അവധി അനുവദിക്കണമെന്ന്.—(1) സ്വകാര്യമേഖലയിലുള്ള ഏതെങ്കിലും കച്ചവടസ്ഥാപനത്തിലോ വ്യാപാര സ്ഥാപനത്തിലോ വ്യവസായ സ്ഥാപനത്തിലോ മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നതും മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നതിന് അർഹതയുള്ളതുമായ ഓരോ ആൾക്കും പൊതുതെരഞ്ഞെടുപ്പ് ദിവസം അവധി അനുവദിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പനുസരിച്ച് അനുവദിച്ച അവധിമൂലം, അപ്രകാരമുള്ള ഏതെങ്കിലും ആളിന്റെ വേതനം കുറവു ചെയ്യുകയോ അനുവദിക്കാതിരിക്കുകയോ ചെയ്യുവാൻ പാടില്ലാത്തതും, അങ്ങനെയുള്ള ദിവസത്തേക്ക് സാധാരണയായി വേതനം നൽകുകയില്ല എന്ന അടിസ്ഥാനത്തിലാണ് അങ്ങനെയുള്ള ആളിനെ ജോലിക്ക് നിയോഗിക്കുന്നത് എങ്കിൽ തന്നെയും, ആ ദിവസം അയാൾക്ക് അവധി, നൽകിയില്ലായിരുന്നുവെങ്കിൽ അയാൾക്ക് ലഭിക്കുമായിരുന്ന വേതനം അങ്ങനെയുള്ള ദിവസം അയാൾക്ക് നൽകേണ്ടതുമാണ്.

(3) ഈ വകുപ്പ്, ഏതെങ്കിലും സമ്മതിദായകന്റെ അഭാവം, അയാൾ ഏർപ്പെട്ടിരിക്കുന്ന തൊഴിലിന് ആപൽക്കരമോ സാരവത്തായ നഷ്ടം ഇടവരുത്തുന്നതോ ആകുന്നിടത്ത്, ബാധകമാക്കാവുന്നതല്ല.".

20. 230-ാം വകുപ്പിനുള്ള ഭേദഗതി.— പ്രധാന ആക്റ്റിലെ 230-ാം വകുപ്പിൽ,—

(1) (2)-ാം ഉപവകുപ്പിന്റെ രണ്ടാം ക്ലിപ്തനിബന്ധനയിൽ "പത്തുശതമാനത്തിൽ" എന്ന വാക്കുകൾക്കുപകരം "അൻപതുശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(2) (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(4) മുനിസിപ്പാലിറ്റിക്ക്, ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് അപ്രകാരം പുതിയ സേവനങ്ങൾ ഏർപ്പെടുത്തുന്നതിലേക്കായി നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.".

21. 231-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 231-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"231. നികുതി ചുമത്താൻ തീരുമാനിച്ചുകൊണ്ടുള്ള കൗൺസിലിന്റെ പ്രമേയം.—(1) ഒരു നികുതി ചുമത്താൻ തീരുമാനിച്ചുകൊണ്ടുള്ള ഒരു മുനിസിപ്പാലിറ്റിയുടെ കൗൺസിലിന്റെ ഏതെങ്കിലും പ്രമേയത്തിൽ, ഏതു നിരക്കിലും ഏതു തീയതിയിലുമാണ് അപ്രകാരമുള്ള ഏതെങ്കിലും നികുതി ചുമത്തേണ്ടതെന്ന് നിർദ്ദേശിച്ചിരിക്കേണ്ടതാണ് :

എന്നാൽ വസ്തുനികുതിയുടെ കാര്യത്തിൽ അതിന്റെ നിരക്കുകളും അവ പ്രാബല്യത്തിൽ വരുന്ന തീയതിയും 233-ാം വകുപ്പ് പ്രകാരവും അതിൻ കീഴിലുണ്ടാക്കിയ ചട്ടങ്ങൾ പ്രകാരവും നിശ്ചയിക്കപ്പെടേണ്ടതാണ്.

(2) ആദ്യമായി നികുതി ചുമത്താനുള്ളതോ അല്ലെങ്കിൽ നിലവിലുള്ള നികുതി നിരക്ക് വർദ്ധിപ്പിക്കാനുള്ളതോ ആയ പ്രമേയം പാസ്സാക്കുന്നതിന് മുമ്പ്, ആ പ്രമേയത്തിന്റെ ഉദ്ദേശ്യത്തെപ്പറ്റിയുള്ള നോട്ടീസ് ഗസറ്റിലും, കുറഞ്ഞപക്ഷം ആ പ്രദേശത്തെ ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതും മുനിസിപ്പാലിറ്റി പ്രദേശത്ത് വ്യാപകമായ പ്രചാരമുള്ളതുമായ

ഒരു വർത്തമാന പത്രത്തിലും മുനിസിപ്പാലിറ്റി ഓഫീസിലെ നോട്ടീസ് ബോർഡിലും, കൗൺസിൽ നിർദ്ദേശിക്കുന്ന മുനിസിപ്പാലിറ്റി പ്രദേശത്തിനുള്ളിലുള്ള മറ്റ് സ്ഥലങ്ങളിലും അത് നിശ്ചയിച്ചേക്കാവുന്ന ക്രമത്തിലും രീതിയിലും പരസ്യപ്പെടുത്തേണ്ടതും, ആക്ഷേപങ്ങൾ ബോധിപ്പിക്കുന്നതിന് പതിനഞ്ചു ദിവസത്തിൽ കുറയാത്ത സമയം നിശ്ചയിക്കേണ്ടതും നിർദ്ദിഷ്ട സമയത്തിനുള്ളിൽ ആക്ഷേപം ഏതെങ്കിലും കിട്ടിയിട്ടുണ്ടെങ്കിൽ അത് പരിഗണിക്കേണ്ടതുമാകുന്നു.

(3) നിലവിലുള്ള ഏതെങ്കിലും നികുതി നിറുത്തലാക്കുന്നതിനോ ഈടാക്കിക്കൊണ്ടിരിക്കുന്ന നികുതി നിരക്ക് കുറയ്ക്കുന്നതിനോ ഉള്ള ഏതൊരു പ്രമേയവും ഉടൻതന്നെ സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതും സർക്കാരിന്റെ അനുമതി കൂടാതെ അത് നടപ്പിലാക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ, സർക്കാരിൽ നിന്നോ പൊതുജനങ്ങളിൽ നിന്നോ ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നോ മറ്റേതെങ്കിലും തദ്ദേശ സ്ഥാപനത്തിൽ നിന്നോ എടുത്ത കടം തിരിച്ചു കൊടുക്കാനുള്ള ഒരു മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ, അപ്രകാരമുള്ള നിറുത്തലാക്കലിനോ കുറയ്ക്കലിനോ സർക്കാർ അനുമതി നൽകാൻ പാടുള്ളതല്ല.

(4) ഈ വകുപ്പ് പ്രകാരമുള്ള ഏതെങ്കിലും പ്രമേയം ഒരു പ്രത്യേക വർഷത്തേക്ക് പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ, ആ വർഷത്തെ സംബന്ധിച്ചിടത്തോളം അപ്രകാരമുള്ള പ്രമേയത്തിൽ നിശ്ചയിച്ചിട്ടുള്ള നിരക്കോ തീയതിയോ മാറ്റാനുള്ള യാതൊരു നിർദ്ദേശവും കൗൺസിൽ പരിഗണിക്കാൻ പാടില്ലാത്തതാകുന്നു.".

22. 233-ാം വകുപ്പിനുപകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 233-ാം വകുപ്പിനുപകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"233. വസ്തുനികുതി.—(1) ഏതൊരു മുനിസിപ്പാലിറ്റിയുടെ കൗൺസിലും അതത് മുനിസിപ്പാലിറ്റി പ്രദേശത്തുള്ളതും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഓരോ കെട്ടിടത്തിനും (അതിനോട് ചേർന്ന് കിടക്കുന്ന സ്ഥലത്തിനുൾപ്പെടെ) ആക്റ്റിലെ വ്യവസ്ഥകൾക്കും നിർണ്ണയിക്കപ്പെട്ടേക്കാവുന്ന ചട്ടങ്ങൾക്കും അനുസൃതമായി വസ്തുനികുതി ചുമത്തേണ്ടതാണ്.

(2) (എ) വസ്തുനികുതി ചുമത്തുന്നതിലേക്കായി, ഉപയോഗക്രമത്തിനനുസരിച്ച് താഴെപ്പറയുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണ (plinth area) ത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, അവ പ്രാബല്യത്തിൽ വരുന്ന തീയതിയും വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കേണ്ടതാണ്, അതായത് :—

(i) പാർപ്പിട ആവശ്യത്തിനായി ഉപയോഗിക്കുന്നവ ;

(ii) വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നവ ;

(iii) വിദ്യാലയങ്ങൾക്കോ ആശുപത്രികൾക്കോ ആയി ഉപയോഗിക്കുന്നവ ;

(iv) അമ്യൂസ്മെന്റ് പാർക്കുകൾ, മൊബൈൽ ടെലഫോൺ ടവർ എന്നിവയ്ക്കായി ഉപയോഗിക്കുന്നവ ;

(v) വാണിജ്യ ആവശ്യത്തിനായി ഉപയോഗിക്കുന്നവ ;

(vi) മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നവ ;

(vii) സർക്കാർ വിജ്ഞാപനം ചെയ്യുന്ന മറ്റേതെങ്കിലും ഇനം കെട്ടിടങ്ങൾ.

(ബി) മുകളിൽ (i) മുതൽ (vii) വരെയുള്ള ഓരോ ഇനം കെട്ടിടത്തിന്റെയും ഉപവിഭാഗങ്ങളും അവയ്ക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും വിജ്ഞാപനംമൂലം സർക്കാരിന് നിശ്ചയിക്കാവുന്നതാണ്.

കുറിപ്പ്:—ഈ വകുപ്പിന്റെ ആവശ്യത്തിന് "തറ വിസ്തീർണ്ണം" എന്നാൽ ഒരു ഏകനിലകെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ മേൽക്കൂരയുള്ള ഭാഗത്തിന്റെ തറ നിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ) വിസ്തീർണ്ണം എന്നും, സെല്ലാർ-നില ഉള്ളതോ ഇല്ലാത്തതോ ആയ ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ അതിന്റെ ഓരോ നിലയിലുമുള്ള അത്തരം തറനിരപ്പിന്റെ (ചുമർ കനം ഉൾപ്പെടെ എന്നാൽ തുറസ്സായ ടെറസ് ഭാഗം ഒഴികെ) ആകെ വിസ്തീർണ്ണം എന്നും അർത്ഥമാകുന്നു.

(3) (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന പ്രകാരം കെട്ടിടങ്ങളുടെ ഇനം അനുസരിച്ച് സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി, ഒരു ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണത്തിന് എന്ന തോതിൽ, അതത് ഇനം കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽ ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ (പൂർണ്ണ സംഖ്യയിൽ) നിർണ്ണയിക്കപ്പെട്ട നടപടിക്രമം പാലിച്ച്, അതത് മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കേണ്ടതാണ്. അതത് സംഗതിപോലെ, ഒരേ ഇനത്തിൽ അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തുനികുതി നിരക്ക് ആയിരിക്കേണ്ടതാണ്.

(4) (2)-ാം ഉപവകുപ്പ് പ്രകാരം സർക്കാർ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികൾക്കും, അവയ്ക്ക് വിധേയമായി (3)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾക്കും അവ പ്രാബല്യത്തിൽവരുന്ന തീയതി മുതൽ അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യമുണ്ടായിരിക്കുന്നതും, തുടർന്ന് ഓരോ അഞ്ചു വർഷക്കാലയളവും പൂർത്തിയാകുന്ന മുറയ്ക്ക് അടുത്ത അഞ്ചു വർഷക്കാലയളവിലേക്ക് പ്രാബല്യത്തിൽ വരത്തക്കവിധം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധികളും അടിസ്ഥാന വസ്തുനികുതി നിരക്കുകളും യഥാക്രമം സർക്കാരും കൗൺസിലും കാലാവധി അവസാനിക്കുന്നതിന് മുൻപ് പുതുക്കി നിശ്ചയിക്കേണ്ടതുമാണ്. അപ്രകാരം നിരക്ക് പുതുക്കി നിശ്ചയിക്കുന്ന തനുസരിച്ച് നടപടിക്രമം പൂർത്തിയാക്കി ഓരോ കെട്ടിടത്തിന്റേയും വസ്തുനികുതി സെക്രട്ടറി കാലാവധി അവസാനിക്കുന്നതിന് മുൻപ് പുതുക്കി നിശ്ചയിക്കേണ്ടതാണ്.

(5) (3)-ാം ഉപവകുപ്പ് പ്രകാരം കൗൺസിൽ ആദ്യമായി നിശ്ചയിക്കുന്ന അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സർക്കാർ വിജ്ഞാപനംമൂലം ഇതിലേക്കായി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(6) ഒരു കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തെ പ്രസ്തുത കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൊണ്ട് ഗുണിച്ച് കിട്ടുന്ന തുക, അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച പ്രകാരം ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയായിരിക്കുന്നതാണ്.

(7) (6)-ാം ഉപവകുപ്പ് പ്രകാരം കണക്കാക്കിയ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തുനികുതിയിൽ,—

(i) മുനിസിപ്പാലിറ്റി പ്രദേശം വ്യത്യസ്ത മേഖലകളായി തരം തിരിക്കപ്പെട്ടതിൽ, കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെട്ട മേഖല ;

(ii) കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത ;

(iii) കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ ഏറ്റക്കുറച്ചിൽ ;

(iv) കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി ;

(v) കെട്ടിടത്തിന്റെ കാലപ്പഴക്കം ;

(vi) കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി ;

(vii) കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി ;

(viii) കെട്ടിടത്തിലെ എയർകണ്ടീഷനിംഗ് സൗകര്യം ;

(ix) കെട്ടിടത്തിന്റെ ഉപയോഗത്തിന്റെ സ്വഭാവം, (അതായത്, സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുന്നത്, വാടകയ്ക്ക് കൊടുത്തിരിക്കുന്നത് എന്നിങ്ങനെ)—

എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ, ഓരോ ഘടകത്തിനും ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന തരംതിരിവ് അനുസരിച്ചും ഓരോ തരത്തിനും നിശ്ചയിക്കുന്ന നിരക്കിലും, സെക്രട്ടറി, അതത് സംഗതിപോലെ, ഇളവുകൾ അനുവദിക്കുകയും വർദ്ധനവുകൾ വരുത്തുകയും ചെയ്യേണ്ടതാണ്:

എന്നാൽ എല്ലാ ഇനങ്ങളിലുമായി അപ്രകാരം അനുവദിക്കാവുന്ന ആകെ ഇളവ് അടിസ്ഥാന വസ്തുനികുതിയുടെ എഴുപത്തിയഞ്ച് ശതമാനത്തിൽ അധികരിക്കുവാൻ പാടുള്ളതല്ല.

(8) (7)-ാം ഉപവകുപ്പ് പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ ഇളവുകൾ അനുവദിക്കുകയും വർദ്ധനവുകൾ വരുത്തുകയും ചെയ്ത പ്രകാരമുള്ള തുക തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിക്കേണ്ടതും അപ്രകാരം തിട്ടപ്പെടുത്തിയ തുക കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി ആയിരിക്കേണ്ടതുമാണ്.

(9) ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗക്രമങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ, (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഏതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ, ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറേ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് :

എന്നാൽ കെട്ടിടത്തിന്റെ മേൽക്കൂരയുടെ നിർമ്മിതി, കെട്ടിടത്തിന്റെ തറയുടെ നിർമ്മിതി, കെട്ടിടത്തിന്റെ ചുമരിന്റെ നിർമ്മിതി എന്നീ ഘടകങ്ങളിൽ ഏതെങ്കിലും ഒരു ഘടകത്തിന്റെ ഒന്നിലധികം തരങ്ങൾ ഒരു കെട്ടിടത്തിന് ഒരേ സമയം ബാധകമാകുന്ന പക്ഷം, പ്രസ്തുത കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണത്തിന്റെ പകുതിയിലധികം ഭാഗത്തിന് ബാധകമാകുന്ന തരത്തെ അടിസ്ഥാനമാക്കി കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ്.

(10) മുനിസിപ്പാലിറ്റി പ്രദേശത്ത് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകളും, മുനിസിപ്പാലിറ്റി പ്രദേശത്തെ വിവിധ മേഖലകളായി തരം തിരിച്ചു കൊണ്ടുള്ള വിജ്ഞാപനവും പ്രസിദ്ധപ്പെടുത്തിയ ശേഷം, അപ്രകാരമുള്ള വിവരങ്ങളും കെട്ടിടത്തിന്റെ തറ വിസ്തീർണ്ണവും അടിസ്ഥാന വസ്തുനികുതിയിൽ അനുവദിക്ക പ്പെടാവുന്ന ഇളവുകളും വരുത്താവുന്ന വർദ്ധനവുകളും അനുസരിച്ച് കെട്ടിട ഉടമകൾക്ക് അവരവരുടെ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സ്വയം നിർണ്ണയിക്കാൻ സഹായകമായ പൊതുവിവരങ്ങൾ, സെക്രട്ടറി ഒരു പൊതുനോട്ടീസ് മുഖേന പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പൊതുനോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ അറുപത് ദിവസത്തിനകം നിർണ്ണയിക്കപ്പെട്ട ഫാറത്തിൽ വസ്തുനികുതി സംബന്ധമായ റിട്ടേൺ സമർപ്പിക്കാൻ കെട്ടിട ഉടമകളോട് പ്രസ്തുത നോട്ടീസ് പ്രകാരം ആവശ്യപ്പെടേണ്ടതുമാണ്. ഫാറത്തിന്റെ മാതൃക/പകർപ്പ് കെട്ടിട ഉടമകൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

(11) നികുതി നിർണ്ണയം സംബന്ധിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ നികുതി റിട്ടേൺ അനുവദിക്കപ്പെട്ട സമയത്തിനകം കെട്ടിട ഉടമ, അല്ലെങ്കിൽ അയാൾ അധികാരപ്പെടുത്തിയ ആൾ, സെക്രട്ടറി അല്ലെങ്കിൽ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതും കൈപ്പറ്റ് രസീത് വാങ്ങേണ്ടതുമാണ്.

(12) കെട്ടിട ഉടമ അല്ലെങ്കിൽ അധികാരപ്പെടുത്തിയ ആൾ സമർപ്പിക്കുന്ന നികുതി റിട്ടേണിൽ വാസ്തവ വിരുദ്ധമായതോ തെറ്റിദ്ധരിപ്പിക്കപ്പെടുന്നതോ ആയ വിവരങ്ങൾ നൽകിയതായോ റിട്ടേൺ നിശ്ചിത സമയത്തിനകം നൽകാതിരുന്നതായോ സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയാൽ കെട്ടിടത്തിന് നിയമപ്രകാരം യഥാർത്ഥ ത്തിൽ ഒടുക്കേണ്ടതായ വസ്തുനികുതിക്ക് പുറമെ നിർണ്ണയിക്കപ്പെട്ട പ്രകാരമുള്ള പിഴ കൂടി നൽകാൻ കെട്ടിട ഉടമ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(13) കെട്ടിട ഉടമ നൽകിയ റിട്ടേണിന്റെയും കെട്ടിടത്തെ സംബന്ധിച്ച് സെക്രട്ടറിയുടെ അന്വേഷണത്തിൽ കണ്ടെത്തിയ വസ്തുതകളുടേയും അടിസ്ഥാനത്തിൽ സെക്രട്ടറി കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തി, കെട്ടിട ഉടമയ്ക്ക് അഞ്ചു വർഷത്തേക്ക് ബാധകമായ ഡിമാന്റ് നോട്ടീസ് നൽകി കെട്ടിടത്തിന് വസ്തു നികുതി ചുമത്തേണ്ടതാണ്.

(14) കെട്ടിട ഉടമ നൽകിയ റിട്ടേണിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിക്ക് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി താൽക്കാലികമായി തിട്ടപ്പെടുത്താവുന്നതും, അപ്രകാരം ഡിമാന്റ് നോട്ടീസ് നൽകി നികുതി ചുമത്താവുന്നതും, തുടർന്ന് കെട്ടിടത്തെ സംബന്ധിച്ച് അന്വേഷണം നടത്തിയശേഷം, നേരത്തെ തിട്ടപ്പെടുത്തിയ നികുതി സ്ഥിരപ്പെടുത്തുകയോ ഭേദഗതി ചെയ്യുകയോ ചെയ്യാവുന്നതുമാണ്. കെട്ടിടത്തെ സംബന്ധിച്ച് സെക്രട്ടറി അന്വേഷണം നടത്തി അതിന്റെ വസ്തുനികുതി നിർണ്ണയിക്കുന്നതുവരെ നികുതി നിർണ്ണയം താൽക്കാലികമായിരിക്കുന്നതാണ്.

(15) ഒരു കെട്ടിടത്തിന് നിർണ്ണയിക്കപ്പെട്ട വാർഷിക വസ്തുനികുതി രണ്ട് അർദ്ധ വാർഷിക ഗഡുക്കളായി ഒടുക്കേണ്ടതാണ്. ഏതൊരു അർദ്ധ വർഷത്തേക്കുമുള്ള ഗഡു പ്രസ്തുത അർദ്ധവർഷത്തെ അവസാന ദിവസമോ അതിന് മുമ്പോ നൽകേണ്ടതും ആ തീയതിക്കകം നികുതി നൽകാതിരുന്നാൽ 538-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരമുള്ള പിഴ തൊട്ടടുത്ത ദിവസം മുതൽ ബാധകമായിരിക്കുന്നതുമാണ്:

എന്നാൽ, വാർഷിക വസ്തുനികുതി ആദ്യ അർദ്ധവർഷം തന്നെ ഒറ്റത്തവണയായി നൽകുന്നതിന് തടസ്സമുണ്ടായിരിക്കുന്നതല്ല.

(16) (2)-ഉം (3)-ഉം ഉപവകുപ്പുകൾ പ്രകാരം ഒരു കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കിന് കെട്ടിടത്തിന്റെ ഉപയോഗക്രമത്തിന് അനുസരിച്ച് മാറ്റമുണ്ടാകുകയാണെങ്കിൽ അതും, (6)-ാം ഉപവകുപ്പിൽ പറയുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിൽ എന്തെങ്കിലും വ്യതിയാനം ഉണ്ടാകുകയാണെങ്കിൽ അതും, (7)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ഘടകത്തിൽ അല്ലെങ്കിൽ ഏതെങ്കിലും ഘടകത്തിന്റെ തരത്തിൽ എന്തെങ്കിലും വ്യതിയാനം ഉണ്ടാവുകയാണെങ്കിൽ അതും അതിനനുസൃതമായ ഇളവുകളും വർദ്ധനവുകളും കണക്കിലെടുത്തുകൊണ്ട് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുതുക്കി നിശ്ചയിക്കേണ്ടതാണ്. ഉപയോഗക്രമത്തിലും മറ്റും ഉണ്ടാകുന്ന വ്യതിയാനങ്ങൾ കെട്ടിട ഉടമ മുപ്പത് ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും (10)-ാം ഉപവകുപ്പ് പ്രകാരമുള്ള പുതുക്കിയ നികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്.

(17) കാർഷിക ആവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്നതും ഒരു ഹെക്ടറിൽ കൂടുതൽ വിസ്തൃതിയുള്ളതുമായ ഭൂമിയുടെ സംഗതിയിൽ, ഒരു ഹെക്ടർ ഒഴികെയുള്ള ഭൂമിക്ക്, അതിന്റെ വാർഷിക മൂല്യത്തിന്മേൽ, മുനിസിപ്പാലിറ്റിയുടെ കൗൺസിൽ നിശ്ചയിക്കുന്ന പ്രകാരമുള്ള നിരക്കിൽ മുനിസിപ്പാലിറ്റി വസ്തുനികുതി ഈടാക്കേണ്ടതാണ്:

എന്നാൽ, അപ്രകാരമുള്ള നിരക്ക്, സർക്കാർ എന്തെങ്കിലും നിരക്ക് നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പരമാവധിയിൽ കവിയാൻ പാടുള്ളതല്ല.

വിശദീകരണം:—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്ക്, വാർഷിക മൂല്യം എന്നാൽ വസ്തുനികുതി ചുമത്തപ്പെടേണ്ട ഭൂമി വർഷാവർഷങ്ങളിൽ പാട്ടത്തിന് കൊടുത്താൽ ന്യായമായി പ്രതീക്ഷിക്കാവുന്ന വാടകയായി കരുതേണ്ടതാണ്.

(18) സർക്കാരിന്, ഏതവസരത്തിലും ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ സെക്രട്ടറി നടത്തിയ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാവുന്നതും ഇത് സംബന്ധിച്ച് സെക്രട്ടറിക്ക് ഉചിതമായ നിർദ്ദേശം നൽകാവുന്നതും അത് പാലിക്കുവാൻ സെക്രട്ടറി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

(19) സർക്കാരിന് ഗസറ്റ് വിജ്ഞാപനം മുഖേന താഴെപ്പറയുന്നവ സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്:—

(i) സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി മുനിസിപ്പാലിറ്റി പ്രദേശത്ത് ബാധകമാക്കേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കുന്നതിനും അവ പ്രസിദ്ധപ്പെടുത്തുന്നതിനും കൗൺസിൽ സ്വീകരിക്കേണ്ട നടപടിക്രമം ;

(ii) വാർഷിക വസ്തുനികുതി വർദ്ധനവിന് ഉപരിപരിധി നിശ്ചയിക്കൽ ;

(iii) മുനിസിപ്പാലിറ്റി പ്രദേശത്തെ വിവിധ മേഖലകളായി തരം തിരിച്ച് വിജ്ഞാപനം പ്രസിദ്ധീകരിക്കൽ ;

(iv) അടിസ്ഥാന നികുതിയിന്മേൽ ഇളവുകളും വർദ്ധനവുകളും വരുത്തുന്നതിന് ബാധകമാക്കേണ്ട ഘടകങ്ങളുടെ തരംതിരിവും അതിന്റെ മാനദണ്ഡങ്ങളും ഓരോ തരത്തിനും ബാധകമായ ഇളവിന്റെ അഥവാ വർദ്ധനവിന്റെ തോതും ;

(v) വസ്തുനികുതി നിർണ്ണയത്തിന് സഹായകമായ വിവരങ്ങളടങ്ങിയ റിട്ടേൺ നികുതിദായകൻ സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനുള്ള നടപടിക്രമവും റിട്ടേണിന്റെ ഫാറവും ;

(vi) വസ്തുനികുതി സംബന്ധിച്ച റിട്ടേൺ സമർപ്പിക്കാതിരുന്നാലോ തെറ്റായ വിവരങ്ങളടങ്ങിയ റിട്ടേൺ സമർപ്പിച്ചാലോ പിഴ ചുമത്തൽ ;

(vii) വസ്തുനികുതി നിർണ്ണയം സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിൽ വീഴ്ച വരുത്തുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിക്കേണ്ട നടപടികൾ ;

(viii) ഓരോ കെട്ടിടത്തിന്റെയും അടിസ്ഥാന വസ്തുനികുതിയും, വാർഷിക വസ്തുനികുതിയും തിട്ടപ്പെടുത്തുന്നതിനുള്ള നടപടിക്രമം ;

(ix) വസ്തുനികുതിയിൽ നിന്ന് ഒഴിവും മറ്റ് ഇളവുകളും നൽകൽ ;

(x) ഏതെങ്കിലും അർദ്ധവർഷത്തിൽ മുനിസിപ്പാലിറ്റി പ്രദേശത്ത് ഉൾപ്പെടുത്തിയതോ, അതിൽ നിന്ന് ഒഴിവാക്കിയതോ ആയ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക്, അല്ലെങ്കിൽ, മുനിസിപ്പാലിറ്റി പ്രദേശത്ത് പുതുക്കിപ്പണിയിച്ചിട്ടുള്ളതോ, പൊളിച്ചുമാറ്റിയിട്ടുള്ളതോ, ഒഴിവായി കിടക്കുന്നതോ ആയ കെട്ടിടങ്ങൾക്ക്, ഏത് പരിതഃസ്ഥിതികളിലും, ഏത് നിബന്ധനകൾക്ക് വിധേയമായും, നികുതി മുഴുവനുമോ,

അതിന്റെ ഏതെങ്കിലും ഭാഗമോ കൊടുക്കുവാൻ ബാദ്ധ്യസ്ഥമാണോ അല്ലെങ്കിൽ ആ ബാദ്ധ്യതയിൽ നിന്ന് വിമോചിതമാണോ ആ പരിതസ്ഥിതികളും നിബന്ധനകളും ;

(xi) വസ്തുനികുതി രജിസ്റ്ററിൽ കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച മാറ്റം രേഖപ്പെടുത്തുന്നതിനുള്ള നടപടിക്രമം ;

(xii) വസ്തുനികുതി നിർണ്ണയവും ഈടാക്കലും സംബന്ധിച്ച് ആനുഷംഗികമായ മറ്റ് സംഗതികൾ.".

23. 234-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 234-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

24. 235-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 235-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"235. വസ്തുനികുതി, സേവന ഉപനികുതി എന്നിവയിൽ നിന്ന് ഒഴിവാക്കൽ.—താഴെപ്പറയുന്ന കെട്ടിടങ്ങളെയും ഭൂമികളെയും 233-ാം വകുപ്പ് പ്രകാരം ചുമത്താവുന്ന വസ്തുനികുതിയിൽ നിന്നും 230-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണ്, അതായത് :—

(എ) പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ളതും യഥാർത്ഥത്തിൽ അപ്രകാരം ഉപയോഗിക്കുന്നതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾ, മതപഠനശാലകൾ ;

(ബി) സർക്കാർ വകയോ എയ്ഡഡോ, സർക്കാരിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടസ്ഥതയിലുള്ള വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്ന കെട്ടിടങ്ങളും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങളും ;

(സി) രോഗികൾക്ക് സൗജന്യമായി ചികിത്സ ലഭ്യമാക്കുന്ന ആതുരാലയങ്ങൾ ;

(ഡി) അഗതികൾക്കോ അനാഥർക്കോ ശാരീരികമായോ മാനസികമായോ വെല്ലുവിളി നേരിടുന്നവർക്കോ മാരകരോഗബാധിതർക്കോ മൃഗങ്ങൾക്കോ അഭയം നൽകുന്ന, ധർമ്മ കാര്യങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന, എല്ലാ വിഭാഗം ജനങ്ങൾക്കും പ്രവേശനം നൽകുന്ന കെട്ടിടങ്ങൾ ;

(ഇ) പൊതുജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഗ്രന്ഥശാലകളും, വായനശാലകളും, കളിസ്ഥലങ്ങളും ;

(എഫ്) പ്രാചീന സ്മാരകങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ച് തൽസമയം നിലവിലിരിക്കുന്ന നിയമപ്രകാരം സംരക്ഷിക്കപ്പെട്ടുപോരുന്ന പ്രാചീന സ്മാരകങ്ങളും, വാസഗൃഹങ്ങളായോ പൊതു ഓഫീസുകളായോ ഉപയോഗിക്കപ്പെടാത്ത അവയുടെ ഭാഗങ്ങളും ;

(ജി) ശവം അടക്കുകയും ദഹിപ്പിക്കുകയും ചെയ്യുന്ന സ്ഥലങ്ങൾ ;

(എച്ച്) ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വക കെട്ടിടങ്ങളും, സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് വിട്ടുകൊടുത്ത സ്ഥാപനങ്ങളോട് അനുബന്ധിച്ച കെട്ടിടങ്ങളും ;

(ഐ) ഉടമസ്ഥൻ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളയാളാണെങ്കിൽ, അയാൾ സ്വന്തം വാസഗൃഹമായി ഉപയോഗിക്കുന്നതും തറ വിസ്തീർണ്ണം മുപ്പത് ചതുരശ്ര മീറ്ററിൽ കുറവുള്ളതുമായ കെട്ടിടങ്ങൾ ;

(ജെ) സർക്കാരോ അർദ്ധസർക്കാർ സ്ഥാപനങ്ങളോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ചുകൊടുക്കുന്ന വാസഗൃഹങ്ങൾ ;

വിശദീകരണം:—ഈ വകുപ്പ് പ്രകാരം അനുവദിച്ചിട്ടുള്ള ഒഴിവ്, ഉടമസ്ഥർ വാടക ഈടാക്കുന്ന കെട്ടിടങ്ങൾക്കും, വിദ്യാഭ്യാസസ്ഥാപനങ്ങളോട് ചേർന്നതും എന്നാൽ ഹോസ്റ്റലുകളല്ലാത്തതുമായ വാസഗൃഹങ്ങൾക്കും, ഗ്രന്ഥശാലകളോടു ചേർന്ന വാസഗൃഹങ്ങൾക്കും നൽകാവുന്നതല്ല.".

25. 236-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 236-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

26. 237-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 237-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"237. വസ്തുനികുതി, വസ്തുവിന്മേൽ ആദ്യ ചാർജ്ജ് ആയിരിക്കുമെന്ന്.—കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം സംബന്ധിച്ച് സർക്കാരിന് കൊടുക്കേണ്ട ഭൂനികുതി വല്ലതുമുണ്ടെങ്കിൽ അത് ആദ്യം ഈടാക്കുന്നതിന് വിധേയമായി, വസ്തുനികുതിയും 230-ാം വകുപ്പിലെ (2)-ാം ഉപവകുപ്പ് പ്രകാരം വസ്തുനികുതിയിന്മേൽ സർചാർജോ (4)-ാം ഉപവകുപ്പ് പ്രകാരം സേവന ഉപനികുതിയോ ചുമത്തിയിട്ടുണ്ടെങ്കിൽ അതും, കെട്ടിടത്തിന്മേലും, ഭൂമിയിന്മേലും, അവയുടെ ഉള്ളിലോ മുകളിലോ കാണുന്നതും ആ നികുതി ബാദ്ധ്യസ്ഥരായ ആളുകളുടെ വകയായതും ആയ ജംഗമവസ്തു ഏതെങ്കിലുമുണ്ടെങ്കിൽ അതിന്മേലും ഉള്ള ആദ്യബാദ്ധ്യത ആയിരിക്കുന്നതാണ്.".

27. 238-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 238-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

28. 241-ാം വകുപ്പ് വിട്ടുകളയൽ.—പ്രധാന ആക്റ്റിലെ 241-ാം വകുപ്പ് വിട്ടുകളയേണ്ടതാണ്.

29. 242-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 242-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"242. നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നികുതി ഈടാക്കൽ.— (1) ഈ ആക്റ്റിലോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ എന്തുതന്നെ അടങ്ങിയിരുന്നാലും ഏതെങ്കിലും ആൾ ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ, അയാൾക്കെതിരെ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിക്ക് ഹാനി കൂടാതെ, കെട്ടിടം പണി പൂർത്തിയാക്കുകയോ അത് 233-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ പറയുന്ന ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ, ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ച് മാറ്റുന്ന തീയതി വരെ, പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തുനികുതിയായി നൽകുവാൻ അയാൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നുംതന്നെ, 406-ാം വകുപ്പുപ്രകാരം അങ്ങനെയുള്ള ആൾക്ക് എതിരായി നടപടി എടുക്കുന്നതിൽ നിന്നും സെക്രട്ടറിയെ തടസ്സപ്പെടുത്തുന്നതല്ലാത്തതും ഈ വകുപ്പ് പ്രകാരം സെക്രട്ടറി എടുത്ത ഏതെങ്കിലും നടപടിമൂലം ഏതെങ്കിലും നഷ്ടപരിഹാരം ലഭിക്കുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതല്ലാത്തതുമാണ്.

(3) നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക്, 380-ാം വകുപ്പിൽ അനുശാസിക്കുന്ന പ്രകാരമുള്ള കെട്ടിട നമ്പർ നൽകുവാൻ പാടില്ലാത്തതും അവയ്ക്ക് നിർണ്ണയിക്കപ്പെട്ട പ്രകാരം പ്രത്യേക നമ്പർ നൽകേണ്ടതുമാണ്. പ്രത്യേക നമ്പർ നൽകുന്നതിലുണ്ടാകാവുന്ന യാതൊരു കാലതാമസവും (1)-ാം ഉപവകുപ്പുപ്രകാരം മുൻകാല പ്രാബല്യത്തോടുകൂടി വസ്തുനികുതി ചുമത്തുന്നതിന് തടസ്സമാകുന്നതല്ല.

(4) നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മിക്കപ്പെട്ട വസ്തുവിന്റെ സർവ്വേ നമ്പർ, വസ്തു ഉടമയുടെ പേരുവിവരങ്ങൾ, കെട്ടിടത്തിന് നൽകപ്പെട്ട പ്രത്യേക നമ്പർ, കെട്ടിടത്തിന് ചുമത്തിയതും ഈടാക്കിയതുമായ വസ്തുനികുതി വിവരങ്ങൾ എന്നിവ രേഖപ്പെടുത്തിയ പ്രത്യേക രജിസ്റ്ററുകൾ വാർഡുകൾ തിരിച്ച് സെക്രട്ടറി പരിപാലിച്ച് പോരേണ്ടതാണ്.

(5) നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും 406-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ, വ്യവസായ ആവശ്യത്തിനായോ മറ്റ് ഏതെങ്കിലുമാവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകുവാൻ പാടില്ലാത്തതും അപ്രകാരം മുനിസിപ്പാലിറ്റി എന്തെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് പുനഃപരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ്.".

30. 254-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 254-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ, "ആഗസ്റ്റ് മാസത്തിന്റേയും ഫെബ്രുവരി മാസത്തിന്റേയും" എന്ന വാക്കുകൾക്ക് പകരം "സെപ്റ്റംബർ മാസത്തിന്റേയും മാർച്ച് മാസത്തിന്റേയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

31. 256-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 256-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ "ആഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും" എന്ന വാക്കുകൾക്ക് പകരം "സെപ്റ്റംബർ മാസത്തിന്റെയും മാർച്ച് മാസത്തിന്റെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

32. 258-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 258-ാം വകുപ്പിൽ "ഫെബ്രുവരി മാസത്തിലെയും ആഗസ്റ്റ് മാസത്തിലെയും" എന്ന വാക്കുകൾക്ക് പകരം "മാർച്ച് മാസത്തിലെയും സെപ്റ്റംബർ മാസത്തിലെയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

33. 281-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 281-ാം വകുപ്പ് (2)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(2) സർക്കാരിനും സർക്കാരിന്റെ അനുവാദത്തോടുകൂടി കൗൺസിലിനും, ആരുടെ ഉടമസ്ഥതയിലുമുള്ള ഏതു വിഭാഗം കെട്ടിടങ്ങളേയും ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള നികുതിയോ ഉപനികുതിയോ കരമോ നൽകുന്നതിൽ നിന്ന് പൂർണ്ണമായോ ഭാഗികമായോ ഒഴിവാക്കാവുന്നതാണ്.".

34. 321-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 321-ാം വകുപ്പ് (1)-ാം ഉപവകുപ്പിന് പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) സെക്രട്ടറിക്ക്, പൊതു ഉപയോഗത്തിനായി, പണം കൊടുത്ത് ഉപയോഗിക്കാവുന്ന തരത്തിലുള്ള കക്കൂസുകൾ ഏർപ്പെടുത്തുന്നതിനും പരിപാലിക്കുന്നതിനും, കൗൺസിൽ നിശ്ചയിച്ചേക്കാവുന്ന നിബന്ധനകൾക്ക് വിധേയമായും അത് നിശ്ചയിക്കുന്ന കാലയളവിലേക്കും ലൈസൻസ് നൽകാവുന്നതാണ്.".

35. 325-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 325-ാം വകുപ്പിന് പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"325. കക്കൂസുകൾക്ക് സ്വകാര്യത വേണമെന്നും അവ വൃത്തിയായി സൂക്ഷിക്കണമെന്നും.—ഏതൊരു കക്കൂസും അത് ഉപയോഗിക്കുന്ന ആൾക്ക് സ്വകാര്യത നൽകുന്ന വിധത്തിലുള്ളതും അതിന്റെ സമീപത്ത് കൂടി കടന്നുപോകുന്നവർക്കോ സമീപത്ത് താമസിക്കുന്നവർക്കോ മാലിന്യങ്ങൾ കാഴ്ചയിൽ പെടാത്തവിധത്തിലുള്ളതും ആയിരിക്കേണ്ടതും, അതിന് ജലാധിഷ്ഠിതമായ ക്ലോസറ്റ്, അടപ്പുള്ള ലീച്ച് പിറ്റ് അല്ലെങ്കിൽ സെപ്റ്റിക് ടാങ്ക് അല്ലെങ്കിൽ ഡ്രെയിനേജ് സംവിധാനം, വല കെട്ടിയ മലിനവായു നിർഗമന സംവിധാനം എന്നിവ ഉണ്ടായിരിക്കേണ്ടതുമാണ്. എല്ലാ കക്കൂസുകളും എപ്പോഴും വൃത്തിയായും ശരിയായ വിധത്തിലും സൂക്ഷിച്ച് പോരേണ്ടതും അവയുടെ പരിസരപ്രദേശത്ത് മലിനജലം കെട്ടി നിൽക്കാൻ അനുവദിക്കാൻ പാടില്ലാത്തതുമാണ്.".

36. 326-ാം വകുപ്പിനു മുകളിൽ ശീർഷകം ചേർക്കൽ.—പ്രധാന ആക്റ്റിലെ 325-ാം വകുപ്പിനും 326-ാം വകുപ്പിനും ഇടയിൽ "മാലിന്യങ്ങൾ കൈകാര്യം ചെയ്യൽ" എന്ന ശീർഷകം ചേർക്കേണ്ടതാണ്.

37. 326-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 326-ാം വകുപ്പിൽ,—(1) (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"(1 എ) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള മുനിസിപ്പാലിറ്റിയുടെ കർത്തവ്യങ്ങളുടെ നിർവഹണം സെക്രട്ടറിയുടെ ചുമതലയായിരിക്കുന്നതും, സെക്രട്ടറി, ഉത്തരവുമൂലം, പ്രസ്തുത കർത്തവ്യങ്ങൾ, തെരുവുകളുടെയും പ്രദേശങ്ങളുടെയും ജോലി സ്വഭാവത്തിന്റെയും അടിസ്ഥാനത്തിൽ, മുനിസിപ്പാലിറ്റിയുടെ പൊതുജനാരോഗ്യത്തിന്റെയും ശുചീകരണത്തിന്റെയും ചുമതലയുള്ള ഉദ്യോഗസ്ഥന്മാർക്കും ജീവനക്കാർക്കും ഏല്പിച്ചു നൽകേണ്ടതും അവരെക്കൊണ്ട് പ്രസ്തുത കർത്തവ്യങ്ങൾ കൃത്യമായി നിർവഹിപ്പിക്കേണ്ടതുമാകുന്നു.

(1 ബി) ഓരോ കൗൺസിലറും, താൻ പ്രതിനിധീകരിക്കുന്ന വാർഡിന്റെ പ്രദേശത്ത് നിന്നുള്ള ചപ്പ് ചവറുകളും മറ്റ് മാലിന്യങ്ങളും ശേഖരിച്ച് നീക്കം ചെയ്യുന്ന പ്രവൃത്തി സൂക്ഷ്മതയോടെ നിരീക്ഷിക്കേണ്ടതും, ഇക്കാര്യത്തിലുണ്ടായിട്ടുള്ള വീഴ്ചയോ അനവധാനതയോ സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, അപ്രകാരം ശ്രദ്ധയിൽപ്പെടുത്തിയാൽ സെക്രട്ടറി അടിയന്തിരമായി ആവശ്യമായ പരിഹാരമാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുമാകുന്നു.

(1 സി) (1എ) ഉപവകുപ്പുപ്രകാരം തന്നിൽ നിക്ഷിപ്തമായ ചുമതലയുടെ നിർവഹണത്തിൽ സെക്രട്ടറി വീഴ്ച വരുത്തുകയും തന്മൂലം, ഏതെങ്കിലും പൊതുസ്ഥലത്ത് ചപ്പ് ചവറുകളും മാലിന്യങ്ങളും കൂടിക്കിടന്ന് പരിസ്ഥിതി പ്രശ്നങ്ങളും മലിനീകരണവും ഉത്ഭവിക്കുകയും ചെയ്യുന്ന പക്ഷം, കൗൺസിലിനോ സർക്കാരിനോ സെക്രട്ടറിക്കെതിരെ, കർത്തവ്യ നിർവഹണത്തിലുണ്ടായ വീഴ്ചയുടെ പേരിൽ ശിക്ഷണ നടപടി സ്വീകരിക്കാവുന്നതാണ്.".

(2) (2)-ാം ഉപവകുപ്പിൽ, "ശല്യകാരണങ്ങളായി ഭവിക്കുന്നത്" എന്ന വാക്കുകൾക്ക് പകരം "പരിസ്ഥിതി പ്രശ്നങ്ങൾക്കും മലിനീകരണത്തിനും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും കാരണമായേക്കാവുന്ന ശല്യകാരണങ്ങളായി ഭവിക്കുന്നത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

38. 335-ാം വകുപ്പിന് മുകളിലുള്ള ശീർഷകത്തിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 335-ാം വകുപ്പിനു മുകളിലുള്ള "സാമാന്യ വ്യവസ്ഥകൾ" എന്ന ശീർഷകം വിട്ടുകളയേണ്ടതാണ്.

39. 340-ാം വകുപ്പിനുശേഷം പുതിയ വകുപ്പുകൾ ചേർക്കൽ.—പ്രധാന ആക്റ്റിലെ 340-ാം വകുപ്പിനുശേഷം താഴെ പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"340എ. ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്നതിനെതിരെയുള്ള നിരോധനം.—(1) 208എ വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായ ഒരു പൊതു ജലമാർഗ്ഗത്തിലോ ജലാശയത്തിലോ അപ്രകാരമുള്ള ഏതെങ്കിലും ജലസ്രോതസ്സിലോ ഏതൊരാളും

ചവറോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ നിക്ഷേപിക്കുകയോ അതിലേക്ക് മലിന ജലം ഒഴുക്കുകയോ, മറ്റേതെങ്കിലും വിധത്തിൽ ജലം ദുഷിപ്പിക്കുകയോ, അത്തരം ഒരു പ്രവൃത്തി ചെയ്യുന്നതിന് ആരെയെങ്കിലും നിയമിക്കുകയോ, നിയോഗിക്കുകയോ നിർബ ന്ധിക്കുകയോ, പ്രേരിപ്പിക്കുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു കുറ്റം കോഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന ഒരു കുറ്റം ചെയ്യുന്ന ഏതൊരാളും, കുറ്റസ്ഥാപനത്തിന്മേൽ പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപ യിൽ കവിയാതെയുമുള്ള പിഴയും, ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

340 ബി. മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോ ഗിച്ച വാഹനം പിടിച്ചെടുക്കലും കണ്ടുകെട്ടലും.— (1) 340 എ വകുപ്പുപ്രകാരമുള്ള ഒരു കുറ്റകൃത്യം ചെയ്യുന്നതിനുള്ള ഉദ്ദേശ്യത്തോടെയോ ഒരുക്കത്തോടെയോ മാലിന്യമോ വിസർജ്ജ്യവസ്തുക്കളോ പൊതുസ്ഥലത്തിലൂടെയോ പൊതുനിരത്തിലൂടെയോ കടത്തി ക്കൊണ്ടുപോകുന്നതോ, അഥവാ അപ്രകാരം നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചശേഷം തിരികെ പോകുന്നതോ ആണെന്ന് ന്യായമായി സംശയിക്കാൻ കാരണമുള്ള ഒരു വാഹ നത്തെ, സെക്രട്ടറിക്കോ ഈ ആവശ്യത്തിലേക്കായി സെക്രട്ടറി അധികാരപ്പെടുത്തിയ മുനിസിപ്പാലിറ്റിയിലെ ഒരു ഉദ്യോഗസ്ഥനോ, സബ് ഇൻസ്പെക്ടറുടെ പദവിയിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനോ പിടിച്ചെടുക്കേണ്ടതും നിർണ്ണയി ക്കപ്പെട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചശേഷം, അധികാരിതയുള്ള സബ് ഡിവിഷ ണൽ മജിസ്ട്രേറ്റ് മുമ്പാകെ ഹാജരാക്കേണ്ടതുമാകുന്നു.

(2) അപ്രകാരം പിടിച്ചെടുക്കപ്പെട്ട ഒരു വാഹനം, നിർണ്ണയിക്കപ്പെട്ട പ്രകാരം അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചശേഷം അതതു സംഗതിപോലെ, വിട്ടുകൊ ടുക്കാവുന്നതോ കണ്ടുകെട്ടാവുന്നതോ ആകുന്നു.

(3) വാഹനം കണ്ടുകെട്ടുന്ന സംഗതിയിൽ അത് ലേലം ചെയ്യുകയും തുക മുനിസിപ്പൽ ഫണ്ടിലേക്ക് മുതൽകൂട്ടുകയും ചെയ്യേണ്ടതാണ്.”.

40. 345-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 345-ാം വകുപ്പിൽ “കുറ്റസ്ഥാപനത്തിന്മേൽ, അമ്പതു രൂപയിൽ കുറയാത്തതും ഇരുന്നൂറ്റി അമ്പത് രൂപ വരെ യാകാവുന്നതുമായ പിഴശിക്ഷയ്ക്ക് വിധിക്കപ്പെടുന്നതാണ്” എന്ന വാക്കുകൾക്ക് പകരം “340എ വകുപ്പിന്റെ പരിധിയിൽ ഉൾപ്പെടുന്നില്ലായെങ്കിൽ, കുറ്റ സ്ഥാപനത്തിന്മേൽ, അഞ്ഞൂറ് രൂപയിൽ കുറയാത്തതും രണ്ടായിരം രൂപ വരെയാകാവുന്നതുമായ പിഴശിക്ഷ യ്ക്ക് വിധിക്കപ്പെടുന്നതാണ്” എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

41. 538എ എന്ന പുതിയ വകുപ്പ് ചേർക്കൽ.—പ്രധാന ആക്റ്റിലെ 538-ാം വകുപ്പിനുശേഷം, താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

“538എ. മുനിസിപ്പാലിറ്റിക്ക് ലഭിക്കാനുള്ള തുക വസൂലാക്കേണ്ട രീതി.— വികസന പദ്ധതി പ്രകാരം, ഏതെങ്കിലും വ്യക്തി മുനിസിപ്പാലിറ്റിക്ക് നൽകേണ്ടതും അല്ലെങ്കിൽ മുനിസിപ്പാലിറ്റി വസൂലാക്കേണ്ടതുമായ എല്ലാ തുകകളും അതുമായി ബന്ധ പ്പെട്ട എല്ലാ ചാർജ്ജുകളും അല്ലെങ്കിൽ നേരിട്ട ചെലവുകളും മറ്റ് ഏത് രീതിയിലുള്ള

വസൂലാക്കലിനും ഭംഗം വരാതെ തൽസമയം പ്രാബല്യത്തിലുള്ള 1968-ലെ കേരള നികുതി വസൂലാക്കൽ ആക്റ്റിന്റെ (1968-ലെ 15) വ്യവസ്ഥകൾ അനുസരിച്ച് ഭൂമിയിൻമേലുള്ള നികുതികുടിശ്ശിക എന്നപോലെ വസൂലാക്കേണ്ടതാണ്.".

42. നാലാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ നാലാം പട്ടികയിൽ, "സാധാരണ ശിക്ഷകൾ" എന്ന ശീർഷകത്തിൻകീഴിൽ, (1)-ാം കോളത്തിൽ, 447-ാം വകുപ്പിനെതിരെ (4)-ാം കോളത്തിലുള്ള, "പതിനായിരം രൂപ" എന്ന വാക്കുകൾക്ക് പകരം, "ലൈസൻസ് ഫീസിന്റെ മൂന്നിരട്ടിയോ രണ്ടായിരം രൂപയോ, ഏതാണ് കുറവ് അത്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.